വടക്കാഞ്ചേരി മണ്ഡലത്തിലെ കൃഷിക്കാർക്കുണ്ടായ നാശനഷ്ടം

71 [2935] ശ്രീ. എ. സി. മൊയ്തീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കാഞ്ചേരി നിയോജക മണ്ഡലത്തിൽ ജൂൺ 5, 6 തീയതികളിലുണ്ടായ മഴയിലും വെള്ളപ്പൊക്കത്തിലും ഉരുൾപൊട്ടലിലും കൃഷിക്കാർക്കുണ്ടായ നഷ്ടം കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ എത്ര;

(ബി) ഇവയ്ക്കുള്ള നഷ്ടപരിഹാരം നൽകുന്നതിന് എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. ഏകദേശം 5 ലക്ഷം രൂപയുടെ നാശനഷ്ടം ഉണ്ടായതായി പ്രാഥമികമായി കണക്കാക്കിയിട്ടുണ്ട്.

(ബി) വ്യക്തിഗത കർഷകരിൽനിന്നും നഷ്ടപരിഹാരം ലഭിക്കുന്നതിനുള്ള അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. സ്ഥലപരിശോധന നടന്നുവരുന്നു. ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് വിതരണം ചെയ്യുന്നതാണ്.

വെള്ളായണി പുഞ്ചപ്പാടം കൃഷിയോഗ്യമാക്കാൻ നടപടി

72 [2936] ശ്രീ. എൻ. ശക്തൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം വെള്ളായണി പുഞ്ചപ്പാടങ്ങളിൽ 12 വർഷമായി വെള്ളം കയറി കൃഷിചെയ്യാനാവാതെ കിടക്കുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) റിസർവോയർ ബണ്ടിനും കന്നിനടപ്പ് ബണ്ടിനും ഇടയ്ക്കുള്ള 100 ഏക്കർ പാടശേഖരം കൃഷിയ്ക്ക് അനുയോജ്യമാക്കാൻ സർക്കാർ എന്തെങ്കിലും പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത ബണ്ടുകൾ പുനഃസ്ഥാപിച്ച് ഭൂമി കൃഷിക്ക് അനയോജ്യ മാക്കാനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി, സി) വെള്ളായണി പാടശേഖരം കൃഷിക്ക് അനുയോജ്യമാക്കുന്ന കാര്യം സർക്കാർ പരിശോധിച്ചുകൊണ്ടിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly